നമ്പർ :ഐസിഡിഎസ് ബി1/15052/21

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 17.01.2022

വനിത ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം : വ.ശി.വി.വ – സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി - തുടർ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന 1: സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2: ഈ കാര്യാലയത്തിലെ 12.10.2021, 08.11.2021, 06.12.2021 തിയ്യതികളിലെ ഇതേ നമ്പർ ഉത്തരവും

3: ഈ കാര്യാലയത്തിലെ 19.11.2021 ലെ ഇതേ നമ്പർ കത്ത്.

അങ്കണവാടികൾ വിഭിന്നശേഷി സൗഹൃദമാക്കുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതിക്ക് സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും 84 അങ്കണവാടികൾക്ക് നവീകരണാനുമതി നൽകിയിട്ടുള്ളതാണ് . 15.01.2022 ന് സ്പെഷ്യൽ അങ്കണവാടി പദ്ധതിയിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുന്നതിനായി പ്രോഗ്രാം ഓഫീസർ, ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുമായി വീഡിയോ കോൺഫറൻസ് മുഖാന്തിരം മീറ്റിംഗ് കൂടിയിരുന്നു. പ്രസ്തുത മീറ്റിംഗിലെ സി .ഡി.പി .ഒ മാരുടെ റിപ്പോർട്ട് പ്രകാരം സെപ്റ്റംബർ 2021ൽ അനുവദിച്ച ഫണ്ടിൽ പ്രാരംഭ ഘട്ട നടപടികൾ മാത്രമേ സ്വീകരിച്ചതായി കാണുന്നുള്ളൂ . സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷം സമയബന്ധിതമായി പൂർത്തീകരിച്ച് കേന്ദ്ര സർക്കാരിന് യു.സി സമർപ്പിക്കുന്നതിലേക്ക് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തനങ്ങളും പർച്ചേസ് നടപടികളും ഫെബ്രുവരി 15 നകം പൂർത്തീകരിക്കേണ്ടതും യു.സികൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
2. പ്രോഗ്രാം ഓഫീസർമാർ നിലവിൽ CDPO മാർ സ്വീകരിച്ച പദ്ധതിയുടെ നവീകരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യേണ്ടതും ടി പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നേരിട്ട് നൽകേണ്ടതുമാണ്.
3. 15.01.2022 ന് കൂടിയ വീഡിയോ കോൺഫറൻസ് അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് 25.01.2022 നകം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പെർഫോമ പ്രകാരം റിപ്പോർട്ട് ചെയ്യേണ്ടതാണ് . പ്രസ്തുത പുരോഗതി റിപ്പോർട്ട് വിലയിരുത്തുന്നതിനായി 29.01.2022 ന് വീഡിയോ കോൺഫറൻസ് മുഖാന്തിരം മീറ്റിംഗ് കൂടുന്നതാണ് .ടി മീറ്റിംഗിൽ എല്ലാ പ്രോഗ്രാം ഓഫീസർമാരും , ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

**പെർഫോമ**

| സ്പെഷ്യൽ അങ്കണവാടി പദ്ധതി പ്രവർത്തന പുരോഗതി റിപ്പോർട്ട് | | | | | |
|---|---|---|---|---|---|
| ജില്ല : | | | | | |
| ക്രമ നം | പ്രോജക്റ്റിന്റെ പേര് | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | സെന്റർ നം | നവീകരണ പ്രവർത്തനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടി | പർച്ചേസ് നടപടികളിൽ സ്വീകരിച്ചിട്ടുള്ള നടപടി |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

പ്രോഗ്രാം ഓഫീസർ